# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1003 — 05.02.2020 ൽ മറുപടിയ്ക്ക്

## ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>,, എം. നൗഷാദ്<br>,, റ്റി.വി.രാജേഷ്<br>,, വി. അബ്ദുറഹിമാൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) വകുപ്പിന് കീഴിലുള്ള 12 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ചും 2 ഐ.ടി.ഐകളെ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചുമാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്.<br><br>ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 സർക്കാർ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകൾ ആക്കി മാറ്റുന്നതിന് 82.48 കോടി രൂപ KIIFB അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം ധനുവച്ചപുരം ഐ.ടി.ഐയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 9 ഇടത്ത് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>കൂടാതെ ചാക്ക, കോഴിക്കോട് എന്നീ സർക്കാർ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് 7.93 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നു. |

(ബി) ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ മികച്ച പരിശീലനം നൽകുന്നതിന് ഈ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

**(ബി)** ഉണ്ട്. ഇന്ത്യാ സ്കിൽസ് കേരള 2020 മത്സരങ്ങളിൽ വിജയം കരസ്ഥമാക്കുന്നതും ഐടിഐകളിൽ പരിശീലനം നേടി വരുന്നതുമായ 80 പരിശീലനാർത്ഥികളെ സിംഗപ്പൂരിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൽ പരിശീലനത്തിന് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2018-ൽ 57 ട്രെയിനികൾക്ക് മേൽ സ്ഥാപനത്തിൽ പരിശീലനം നൽകിയിരുന്നു.

(സി) ഐ.ടി.ഐ.കളിൽ നിലവിലുള്ള സിലബസും പഠന രീതിയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

**(സി)** ഐ.ടി.ഐകളിലെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ആണ്. ആയതു പ്രകാരം സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ നിലവിലുള്ള ട്രേഡുകളും പഠനരീതിയും നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്(NSQF) അടിസ്ഥാനത്തിൽ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

(ഡി) ഐ.ടി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് ക്യാമ്പസ് പ്ളേസ്മെന്റ് സെല്ലുകൾ വഴി ജോലി ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**(ഡി)** ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള സർക്കാർ ഐ.ടി.ഐകളിൽ പ്ലേസ്മെന്റ് സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. ഐ.ടി.ഐ കളിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്നവർക്കും പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കും ക്യാമ്പസ് ഇന്റർവ്യൂ മുഖേനയും, പ്ലേസ്മെന്റ് സെൽ മുഖാന്തിരവും തൊഴിലുകൾ ലഭ്യമാക്കുന്നതിനുള്ള അവസരങ്ങളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 8528 ട്രെയിനികൾക്ക് പ്ലേസ്മെന്റ് സെൽ മുഖേന തൊഴിൽ ലഭിച്ചിട്ടുണ്ട് .

സെക്ഷൻ ഓഫീസർ